**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2238** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിപണിയിലെ ന്യായവില ഉറപ്പാക്കുന്നതിനും അളവുതൂക്കങ്ങളിലെ കൃത്രിമം തടയുന്നതിനും ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് വിപണിയിലെ ന്യായവില ഉറപ്പാക്കുന്നതിന് സപ്ലൈകോ മുഖേന 13 ഇനം നിത്യോപയോഗ സാധനങ്ങൾ 2016 മേയ് മാസത്തിനു ശേഷം വില വർദ്ധിപ്പിക്കാതെ ലഭ്യമാക്കി വരുന്നു. മറ്റ് ഭക്ഷ്യസാധനങ്ങളും അവശ്യസാധനങ്ങളും FMCG ഉൽപ്പന്നങ്ങളും വിലക്കുറവിൽ ലഭ്യമാക്കി വരുന്നു. സൗജന്യ ഭക്ഷ്യകിറ്റ് വിതരണം, ഉത്സവകാലങ്ങളിലെ പ്രത്യേക ഫെയറുകൾ, അരിവണ്ടി തുടങ്ങിയ പദ്ധതികളിലൂടെ ന്യായവില ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. അളവു തൂക്കങ്ങളിലെ കൃത്രിമം തടയുന്നതിന് പരാതികളുടെ അടിസ്ഥാനത്തിൽ ലീഗൽ മെട്രോളജി വകുപ്പ് ആകെ 5019 പരിശോധനകൾ നടത്തുകയും, കണ്ടെത്തിയ 1302 കേസുകളിലായി 30,92,000/- രൂപ രാജിഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വിപണിയിലെ ന്യായവില ഉറപ്പാക്കുന്നതിനും, അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, അവശ്യ വസ്തുക്കളുടെ ലഭ്യതയും സംബന്ധിച്ച് നയശുപാർശകളിൽ സർക്കാരിന് സഹായം നൽകുന്നതിന് 'Price Monitoring Cell' പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതിവിവര കണക്കു വകുപ്പിന്റെ സഹായത്തോടെ ക്രോഡീകരിച്ച് ഓരോ മൂന്ന് മാസം കൂടുംതോറും സംസ്ഥാന സർക്കാർ തലത്തിൽ വിലയുടെ അവലോകനം നടത്തുന്നതിനുവേണ്ടി 'Price monitoring Cell' ന്റെ യോഗം കൂടി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉപഭോക്തൃ | (ബി) | ഉണ്ട്. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം, |

| | | | |
|---|---|---|---|
| | തർക്കപരിഹാര കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | തീർപ്പാക്കുന്ന കേസുകളുടെ എണ്ണം, ശരാശരി കാലതാമസം എന്നിവ പ്രതിമാസ റിപ്പോർട്ടായി ശേഖരിക്കുന്നുണ്ട്. ആയത് വിശകലനം ചെയ്ത് കാലതാമസമുണ്ടാകാതെയും ഫലപ്രദമായും പരിഹരിക്കുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ നൽകുകയും, കമ്മീഷനുകൾക്കുള്ള ഭൗതിക, മാനവശേഷി എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (സി) | ഉപഭോക്താക്കളെ കബളിപ്പിക്കുന്ന തരത്തിൽ നിയമലംഘനം നടത്തുന്നവരെ കണ്ടെത്തി നിയമം അനുശാസിക്കുന്ന ശിക്ഷ ഉറപ്പാക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉപഭോക്താക്കളെ കബളിപ്പിക്കുന്ന തരത്തിൽ നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് മുഖേന സംസ്ഥാന വ്യാപകമായി പരിശോധന നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. പായ്ക്കറ്റ് ഉൽപ്പന്നങ്ങൾക്ക് അമിതവില ഈടാക്കുന്നവർക്കെതിരെ ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ്, 2011 പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. ഉപഭോക്താക്കൾ സമർപ്പിക്കുന്ന പരാതിയിൽ നടപടി സ്വീകരിക്കുന്ന നിലയിലാണ് നിലവിൽ ഉപഭോക്തൃ കമ്മീഷനുകൾ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പരിമിതി മറികടക്കുന്നതിനും പൊതുവിതരണ വകുപ്പ് മുഖേന പൊതുവിപണിയിൽ കാര്യക്ഷമമായി ഇടപെടുന്നതിനും ഒരു പുതിയ ചട്ടം രൂപീകരിക്കുന്നത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ